## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4936 27/10/2016 ൽ മറുപടിക്ക്

## ഉടുമ്പൻചോല താലൂക്കിലെ റീസർവ്വേ നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.എം.മണി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഉടുമ്പൻചോല താലൂക്കിലെ ഏതൊക്കെ വില്ലേജുകളിലാണ് റീസർവ്വേ നടപടികൾ നടന്നു വരുന്നത്; | (എ) ഉടുമ്പൻപോല താലൂക്കിലെ ബൈസൺവാലി, ചിന്നക്കനാൽ, പൂപ്പാറ, ശാന്തമ്പാറ, ചതുരംഗപ്പാറ, ഗാന്ധിപ്പാറ, രാജക്കാട്, കൽകൂന്തൽ, കരുണാപുരം, വണ്ടൻമേട്, ചക്കുപള്ളം, ഇരട്ടയാർ എന്നീ വില്ലേജുകളിൽ റീസർവേ നടപടികൾ നടന്നു വരുന്നു. |
| (ബി) ഓരോ വില്ലേജിലെയും റീസർവ്വേ നടപടികൾ ആരംഭിച്ചത് എന്നാണ്; | (ബി) ഉടുമ്പൻപോല താലൂക്കിൽ റീസർവ്വേ ആരംഭിക്കുന്നതിനായി സർവ്വേ അതിരടയാള നിയമത്തിലെ വകുപ്പ് 6 ഉപവകുപ്പ് (1) പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച തീയതി ചുവടെ ചേർക്കുന്നു. |

| | | |
|---|---|---|
| ബൈസൺവാലി | - | 22.12.1973 |
| പൂപ്പാറ | - | 26.08.1974 |
| ചതുരംഗപ്പാറ | - | 21.04.1975 |
| രാജാക്കാട് | - | 30.06.1976 |
| കരുണാപുരം | - | 12.02.1974 |
| ചക്കുപള്ളം | - | 18.12.1976 |
| ചിന്നക്കനാൽ | - | 26.08.1974 |
| ശാന്തമ്പാറ | - | 17.08.1973 |
| ഗാന്ധിപ്പാറ | - | 05.02.1977 |
| കൽക്കൂന്തൽ | - | 12.02.1974 |
| വണ്ടൻമേട് | - | 28.03.1977 |
| ഇരട്ടയാർ | - | 12.02.1974 |

| | |
|---|---|
| (സി) റീ-സർവ്വേ നടപടികൾ അനന്തമായി നീണ്ടുപോകുന്നത് വകുപ്പിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (സി) ഉണ്ട് |

| | |
|---|---|
| (ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം റീസർവ്വേ നടപടികൾ വേഗത്തിലാക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (ഡി) 31/10/2012 ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 409/2012/റവന്യൂ പ്രകാരം നിലവിൽ റീസർവ്വേ സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മാത്രം സ്വകാര്യ ഭൂമിയിലുമായി നിജപ്പെടുത്തിയിരിക്കുന്നു. റീസർവ്വേ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഇ) റീസർവ്വേ നടപടികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ? | (ഇ) പുരോഗതി വിലയിരുത്തിയിട്ടുണ്ട്. സർവ്വേ ഡയറക്ടർ തലത്തിൽ റീസർവ്വേ നടപടി അവലോകനം നടത്തി പുരോഗതി വിലയിരുത്തുന്നുണ്ട്. ജില്ലാ തല സർവ്വെ ഉദ്യോഗസ്ഥരുടെ മീറ്റിംഗ് വിളിച്ച് ചേർത്തും വീഡിയോ കോൺഫറൻസിലൂടെയും സർവ്വേ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിന് ക്രമീകരണങ്ങൾ ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ